# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 16**

---

**അസിസ്റ്റന്റ് ഡയറക്ടർ; കരാർ നിയമനം**

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷനിൽ(സിഡിഒഇ) അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒരൊഴിവിൽ (ഇ/ബി/ടി) കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.*

*ഒരുവർഷത്തേക്കാണ് നിയമനം. വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ രണ്ടു വർഷം വരെ സേവനം ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്.*

*പ്രായപരിധി 2024 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും. പ്രതിമാസ വേതനം 50000 രൂപ.* ada7@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ അയക്കണം.*

*(പി.ആർ.ഒ/39/1139/2024)*

**സ്പോട്ട് അഡ്മിഷൻ**

*എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെകനോളജിയിൽ എംടെക്ക് നാനോസയൻസ് ആന്റ് ടെകനോളജി പ്രോഗ്രാമിൽ ജനറൽ മെരിറ്റിൽ സീറ്റുകൾ ഒഴിവുകളുണ്ട്.*

*യോഗ്യതയുള്ളവർ ഡിസംബർ 18ന് ഉച്ചക്ക് 12ന് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (*https://snsnt.mgu.ac.in/) ***ഫോൺ -9995108534, 9188606223.***

*(പി.ആർ.ഒ/39/1140/2024)*

**പരീക്ഷക്ക് അപേക്ഷിക്കാം**

*മൂന്നാം സെമസ്റ്റർ ബിപിഇഎഡ് (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 മുൽ 2020 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷ ജനുവരി ഒന്നിന് ആരംഭിക്കും. ഡിസംബർ 19 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 20 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 21 വരെയും അപേക്ഷ സ്വീകരിക്കും.*

............

*മൂന്നാം സെമസ്റ്റർ എംഎഡ് (ദ്വിവത്സര കോഴ്സ്-2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷ ജനുവരി 17ന് ആരംഭിക്കും. ജനുവരി മൂന്നു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി നാലു വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി ആറു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1141/2024)*

*പരീക്ഷാ തീയതി*

*നാലാം സെമസ്റ്റർ ബിആർക്ക് (2014 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 24 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1142/2024)*

വൈവ വോസി

*നാലാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ഡോക്യുമെന്റേഷൻ (2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് നവംബർ 2024) പരീക്ഷയുടെ വൈവാ വോസി, പ്രാക്ടിക്കൽ, പ്രൊജക്ട് വൈവാ പരീക്ഷകൾ ഡിസംബർ 18ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1143/2024)*

*സമയപരിധി നീട്ടി*

*ഒന്നാം സെമസ്റ്റർ എംബിഎ (2024 അഡ്മിഷൻ റെഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2020 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ഡിസംബർ 20 വരെയും ഫൈനോടുകൂടി ഡിസംബർ 31 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി മൂന്നു വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1144/2024)*

പരീക്ഷാ തീയതി

*അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎ, എംഎസ്സി പ്രോഗ്രാമുകളുടെ (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020,2021 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 31 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1145/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**